LIBRARY ARCHIVES Kerala Legislative Assembly

പുതിയ മെഡിക്കൽ കോളേജുകൾ

108 (815) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 വരെ സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ 5 മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്നതിൽനിന്നും 3 വർഷത്തിനുള്ളിൽ എത്ര മെഡിക്കൽ കോളേജുകളായി വർദ്ധിച്ചിട്ടുണ്ട് ;

(ബി) സർക്കാർ ഉടമസ്ഥതയിൽ 2015-16 വർഷത്തിൽ ഏതെല്ലാം ജില്ലകളിലാണ് പുതിയതായി മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ പദ്ധതിയുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ആരോഗ്യ വകുപ്പിനുകീഴിൽ ഇടുക്കി, മഞ്ചേരി എന്നിവിടങ്ങളിലും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പാലക്കാട്ടും മെഡിക്കൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) ആരോഗ്യ വകുപ്പിനുകീഴിൽ തിരുവനന്തപുരത്ത് രണ്ടാമതൊരു മെഡിക്കൽ കോളേജ്, വയനാട്, കാസർഗോഡ്, കോന്നി, ഹരിപ്പാട് എന്നിവിടങ്ങളിലും മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്. നടപടി സ്വീകരിച്ചു വരുന്നു.

റേഡിയോ തെറാപ്പി വിഭാഗത്തിലെ ലീനിയർ ആക്സിലറേറ്റർ മെഷീൻ പ്രവർത്തനസജ്ജമാക്കാൻ നടപടി

109 (816) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ടി.ഡി. മെഡിക്കൽ കോളേജിൽ റേഡിയോ തെറാപ്പി വിഭാഗത്തിൽ അത്യാധുനിക ലിനീയർ ആക്സിലറേറ്റർ മെഷീൻ വാങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ ;